# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 12 — 30.11.2015-ൽ മറുപടിക്ക്

### വർഗീയ സംഘർഷം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം. എ. ബേബി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം വർഗീയ സംഘർഷത്തിലേക്ക് നീക്കിക്കൊണ്ടിരിക്കുന്നുണ്ടോ; എങ്കിൽ ഈ ശക്തികൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) ഇത്തരത്തിൽ ചിന്തിക്കേണ്ട യാതൊരു സാഹചര്യവും സംസ്ഥാനത്തില്ല. |
| (ബി) മതങ്ങളേയും ജാതികളെയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) മതങ്ങളേയും ജാതികളെയും പരസ്പരം ഭിന്നിപ്പിച്ചും പൊരുതിച്ചും രാഷ്ട്രീയമായി മുതലെടുക്കാനുള്ള ചില സംഘടനകളുടെ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരന്മാർക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിനു തടസ്സം നിൽക്കുകയും ചിലത് അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ? | (സി) ഭക്ഷണം, വേഷം, ഭാഷ, വിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ പൗരന്മാർക്ക് ഭരണഘടന നൽകുന്ന സ്വാതന്ത്ര്യത്തിന് തടസ്സം നിൽക്കുന്ന സാഹചര്യം കേരളത്തിലില്ല. അത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്താൽ പോലീസ് ജാഗ്രത പാലിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ